പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3023 — 21-08-2017-ലെ മറുപടിയ്ക്ക്

# ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ. ശശി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കും, കാർഷിക രംഗത്തെ ഉണർവിനും ഉൾപ്പെടെ 2006-2011 ലെ സർക്കാർ ആരംഭിച്ചതും തുടർന്നു വന്നിരുന്നതുമായ നെൽക്കൃഷി വികസന പദ്ധതി, നാളികേര വികസന പദ്ധതി, ഹൈടെക് കൃഷി, കുട്ടനാട്/ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ്, കൃഷിക്കായി സൗജന്യ വൈദ്യുതി, കർഷക പെൻഷൻ പദ്ധതി,നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി, കൂടുതൽ പേരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തൽ എന്നീ പദ്ധതികളുടെ കഴിഞ്ഞ സർക്കാരിന്റെ കാലയളവിലെ അവസ്ഥ എന്തായിരുന്നുവെന്നും നിലവിലെ സർക്കാർ ഇവയുടെ | (എ) നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനം, പാടശേഖര സമിതികൾക്കുള്ള സഹായം, തരിശു നെൽകൃഷി പ്രോത്സാഹനം, കരനെൽകൃഷി പ്രോത്സാഹനം, രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാം എന്നീ ഘടകങ്ങൾ തുടരുന്നു. ഈ വർഷം സവിശേഷ നെല്ലിനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ, നെല്ലിന്റെ പ്രാദേശിക സംസ്കരണത്തിനും വിപണനത്തിനുമായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുതുതായി രൂപീകരിച്ചിട്ടുണ്ട്. തരിശ് നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മെത്രാൻ കായൽ, ആറന്മുള പ്രദേശം പോലെയുള്ള പരിവർത്തനം ചെയ്യപ്പെട്ട നിലങ്ങളിലും നെൽകൃഷി പുനരാരംഭിക്കുവാൻ സാധിച്ചു. 2016 ആഗസ്റ്റ് 17 മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം) വരെ നെൽവർഷമായി ആചരിച്ചു ഇതിനായി 100 ഇന പദ്ധതികളും ആവിഷകരിച്ച് നടപ്പിലാക്കിവരുന്നു.<br><br>നെല്ലിനായി പ്രത്യേക കാർഷിക മേഖല രൂപീകരിക്കുകയും ആ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമിടുകയും ചെയ്യുന്നു. പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും അവയുടെ നിലനിൽപ്പിനുമായി കേരള കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സാമ്പത്തിക വർഷം വയനാട് പാക്കേജ് പദ്ധതിയിൻകീഴിൽ സുഗന്ധ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല എന്നിവയുടെ പ്രോത്സാഹനവും ഉൾപ്പെടുത്തുന്നു. |

| | |
|---|---|
| പ്രവർത്തനങ്ങളിൽ വരുത്തിയ തിരുത്തൽ പ്രവർത്തനങ്ങളും പുരോഗതിയും ഇനം തിരിച്ച് വ്യക്തമാക്കുമോ; | നാളികേര വികസന പദ്ധതിയായി മുൻവർഷങ്ങളിൽ നടപ്പിലാക്കി വരുന്ന കേരഗ്രാമം പദ്ധതി തുടരുന്നു. കൂടാതെ 2017-18 വർഷത്തിൽ ഉയർന്ന ഉത്പാദനക്ഷമതയുള്ള കുറിയ/സങ്കരയിനം മാതൃകാ നാളികേര ഫാമുകളുടെ വികസനം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ നിയന്ത്രണ പദ്ധതി എന്നീ ഘടകങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സി.പി.സി.ആർ.ഐ.യുമായി സംയുക്തമായി കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായി മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനും ജനപങ്കാളിത്തത്തോടെയുള്ള ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഹൈടെക് പദ്ധതിയിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഘടകങ്ങൾ പച്ചക്കറി/പൂക്കൾക്കായുള്ള പ്രത്യേക കാർഷിക മേഖലകൾക്കു പുറമെ പുതിയ പോളിഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും സാങ്കേതിക സഹായവും നൽകുന്നതിനുള്ള ഘടക പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>**<u>കുട്ടനാട്/ഇടുക്കി പാക്കേജുകൾ</u>**<br>**<u>കുട്ടനാട് പാക്കേജ്:-</u>** 2012 ജൂലൈയിൽ കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചു. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിയത് കൃഷി വകുപ്പ്, കൃഷി അനുബന്ധ വകുപ്പുകൾ, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിലൂടെയാണ്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരിക്കുകയും വിവിധ പദ്ധതി ഘടകങ്ങൾക്കായി ലഭ്യമായ തുക ഏതാണ്ട് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>ഇടുക്കി പാക്കേജ്:-</u>** ഇടുക്കി പാക്കേജിന്റെ കാലാവധി 21/11/2013-ൽ അവസാനിച്ചു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതികൾക്കനുവദിച്ച ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചു.<br><br>വിള ഇൻഷ്വറൻസ് പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ.ഉ.(എം.എസ്) നം.37/2017/കൃഷി തീയതി 22/03/2017 പ്രകാരം |

പരിഷ്കരിക്കുകയുണ്ടായി. ഇത് പ്രകാരം മുൻ വർഷങ്ങളേക്കാൾ പ്രീമിയം നിരക്കിൽ ചെറിയ വർദ്ധന വരുത്തിക്കൊണ്ട് നഷ്ടപരിഹാരത്തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇത് വിളനാശത്തെ നേരിടുവാൻ കർഷകർക്ക് വളരെയേറെ സഹായകരമാണ്.

കൃഷിക്കായി സൗജന്യ വൈദ്യുതി പദ്ധതി തുടരുന്നു. കർഷക പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 600/- രൂപ നിരക്കിൽ നൽകിയിരുന്ന പെൻഷൻ തുക 1000/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

നിറവ് പദ്ധതി 2012-13-ൽ പദ്ധതി വിഭാവനം ചെയ്തുവെങ്കിലും ബജറ്റിൽ ഇതിനായി പ്രത്യേക തുക ഉൾക്കൊള്ളിക്കാത്തതിനാൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സാധ്യമാവുംവിധം നടപ്പായില്ല. എന്നിരുന്നാലും സംസ്ഥാനാവിഷ്കൃത പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതികളും മുൻഗണനാടിസ്ഥാനത്തിൽ തെരെഞ്ഞെടുത്ത മണ്ഡലങ്ങളിൽ നടപ്പാക്കി ഈ പ്രദേശങ്ങളുടെ സമഗ്ര കാർഷിക വികസനത്തിന് അവസരം ഒരുക്കി നിറവ് പദ്ധതിക്കായി വയനാട് പാക്കേജിൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ ഘടകങ്ങളോടൊപ്പം വരൾച്ചയെ നേരിടാനായി ജലവിഭവങ്ങളുടെ വികസനത്തിന് പ്രാദേശിക സവിശേഷതയുള്ള വിളകളുടെ വികസനം, സുഗന്ധ നെല്ലിനങ്ങളുടെ പ്രോത്സാഹനം എന്നിവകൂടി നടപ്പ് സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതിയിൽ മുൻ വർഷങ്ങളിൽ നടപ്പാക്കിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ പ്രവർത്തനം കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചു. 2016-17 വർഷം മുതൽ ഡ്രോൺസുകൾ ഉപയോഗിച്ചുകൊണ്ട് വിളകളുടെ കീടരോഗബാധ നിർണ്ണയം മങ്കൊമ്പ് കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് വഴി നടപ്പിലാക്കിവരുന്നു. 2017-18-ൽ പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചിരുന്നു.

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി തുടങ്ങിയ ഭക്ഷ്യോൽപ്പന്നങ്ങൾ

(ബി)

| കാർഷിക വിള | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|
| പച്ചക്കറി ആവശ്യകത (ലക്ഷം മെട്രിക് ടൺ) | 19.60 | 19.70 | 19.79 | 19.89 | 19.99 | 20.09 |

ആഭ്യന്തരമായി എത്ര ശതമാനം ഉൽപ്പാദിപ്പിച്ചു എന്നും എത്ര ശതമാനത്തിനായി മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചു എന്നും വ്യക്തമാക്കാമോ; അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

| കാർഷിക വിള | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 |
|---|---|---|---|---|---|---|
| പച്ചക്കറി ആഭ്യന്തര ഉൽപ്പാദനം (ലക്ഷം മെട്രിക് ടൺ) ശതമാനം | 5.55 (28.32 %) | 5.51 (27.97 %) | 5.57 (28.15 %) | 5.98 (30.07 %) | 6.28 (31.42 %) | 7.25 (36.09 %) |
| മറ്റു സംസ്ഥാനങ്ങളെ ആശ്രയിച്ചത് (ലക്ഷം മെട്രിക് ടൺ) ശതമാനം | 14.5 (71.68 %) | 14.19 (72.03 %) | 14.22 (71.85 %) | 13.91 (69.93 %) | 13.71 (68.58 %) | 12.84 (63.91 %) |

2017-18 നടപ്പ് വർഷം ഒന്നാം വിള പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് ആരംഭിച്ചിട്ടേ ഉള്ളൂ. അതനുസരിച്ച് 24566.1 ഹെക്ടർ സ്ഥലത്ത് ഏകദേശം 66701.32 ടണ്ണോളം പച്ചക്കറിയാണ് ഉല്പാദിപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ